പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4221 — 03.02.2014 -ൽ മറുപടിക്ക്.

# തോട്ടം തൊഴിലാളികളുടെ വേതനപരിഷ്ക്കരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എളമരം കരീം<br>ശ്രീ. എം. എ. ബേബി<br>ശ്രീ. കെ. കെ. ജയചന്ദ്രൻ<br>ശ്രീ. കെ. വി. വിജയദാസ് | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) ജീവസന്ധാരണത്തിനാവശ്യമായ മിനിമം കൂലി പോലും ലഭിക്കാത്തതിനാൽ തോട്ടം തൊഴിലാളികൾ അനുഭവിക്കുന്ന ദുരിതം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) സർക്കാർ നിശ്ചയിച്ച മിനിമം കൂലി തോട്ടം തൊഴിലാളികൾക്ക് ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) തോട്ടം മേഖലയിലെ തൊഴിലാളികളുടെ വേതനം പുതുക്കി നിശ്ചയിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) തോട്ടം തൊഴിലാളികളുടെ മിനിമം വേതനം പുതുക്കുന്നതിന് പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ തീരുമാനം ഉണ്ടാകുകയും അതിനെ തുടർന്ന് സർക്കാരിന് സമർപ്പിച്ച ശുപാർശയുടെ അടിസ്ഥാനത്തിൽ 18.07.2013 ലെ 25278/ഇ1/2012/ എൽബിആർ പ്രകാരം സർക്കാർ പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവിന് റബ്ബർ, കാപ്പി, കാർഡമം മേഖലയിൽ 01.10.11 മുതലും തേയില മേഖലയിൽ 15.11.2011 മുതലും മുൻകാല പ്രാബല്യം നൽകിയിട്ടുണ്ട്. |
| (സി) അംഗീകൃത സംഘടനകൾക്ക് അർഹമായ പ്രാതിനിധ്യം നൽകി കരാർ രൂപീകരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ; വിശദമാക്കാമോ? | (സി) തോട്ടം തൊഴിലാളികളുടെ വേതന പരിഷ്ക്കരണം ഉൾപ്പെടെയുള്ള വിഷയങ്ങൾ ചർച്ച ചെയ്യുന്നതും കരാറൊപ്പിടുന്നതും പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിലാണ്. കാലാകാലങ്ങളിൽ പ്ലാന്റേഷൻ ലേബർ കമ്മിറ്റി പുന:സംഘടിപ്പിക്കുന്നത് അംഗീകൃത സംഘടനകൾക്ക് അർഹമായ പ്രാതിനിധ്യം നൽകിക്കൊണ്ടാണ്. ഇപ്രകാരം 06/02/2013 ലെ സർക്കാർ ഉത്തരവ് (കൈ) നം. 18/13/തൊഴിൽ പ്രകാരം പുന:സംഘടിപ്പിച്ച പ്ലാന്റേഷൻ ലേബർ കമ്മിറ്റിയാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. |

സെക്ഷൻ ആഫീസർ.